# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 1385. 22..3..2013-ൽ മറുപടിക്ക്

## ക്ഷീരസംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. പി.എ. മാധവൻ:<br>ശ്രീ. പാലോട് രവി:<br>ശ്രീ. വി.പി. സജീന്ദ്രൻ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരസംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക് കളക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ ക്ഷീര സംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക് കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്ന നടപടികൾ നടന്നു വരുന്നു. |
| (ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;<br><br>(സി) സംഘങ്ങളിലെ പാൽ സംഭരണം എങ്ങനെ പ്രയോജനപ്പെടുത്താമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | (ബി) & (സി) കർഷകർ സംഘത്തിൽ ഒഴിക്കുന്ന പാൽ കൃത്യമായി യന്ത്ര സംവിധാനത്തോടെ അളന്ന്/തൂക്കി എടുക്കാനും അതിന്റെ ഗുണമേന്മ കൃത്യമായി വേഗത്തിൽ നിർണ്ണയിക്കാനും ഗുണ നിലവാരത്തിനും അളവിനും അനുസൃതമായ വില കമ്പ്യൂട്ടർ മുഖേന നിശ്ചയിച്ച് പ്രിന്റ് ഔട്ടായി അപ്പോൾ തന്നെ കർഷകന് ലഭ്യമാക്കുന്ന സംവിധാനമാണ് ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്റർ. ക്ഷീര സഹകരണ സംഘങ്ങളിലെ പാൽ സംഭരണം കൃത്യമായും വേഗത്തിലും സുതാര്യമായും ചെയ്യുന്നതു കാരണം മാനുഷിക ഇടപെടലുകൾ ഉണ്ടാവാതിരിക്കാനും കർഷകർ കബളിക്കപ്പെടാതിരിക്കാനും, മെച്ചമായ വില ലഭിക്കാനും ഇത് സഹായിക്കുന്നു. ഓരോ കർഷകനും സംഘത്തിൽ അളന്ന പാൽ, അതിന്റെ ഗുണ നിലവാരം, ലഭിച്ച വില എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ കമ്പ്യൂട്ടറിൽ അപ്പപ്പോൾ രേഖപ്പെടുത്തി വെയ്ക്കാനും സംഘത്തിന്റെ രജിസ്റ്ററുകളും മറ്റും തയ്യാറാക്കി സൂക്ഷിക്കുന്നതിനും ഇത് വളരെയധികം സഹായിക്കുകയും ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുകയും ചെയ്യുന്നു. |

(ഡി) എത്ര സംഘങ്ങളിൽ ഇവ സ്ഥാപിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് 987 സംഘങ്ങളിൽ ഇത് സ്ഥാപിച്ചിട്ടുണ്ട്.

(ഇ) എല്ലാ സംഘങ്ങളിലും ഇവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) സംസ്ഥാനത്തെ എല്ലാ ക്ഷീരസംഘങ്ങളിലും ഇത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ